പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1854 — 17-12-2012 -ൽ മറുപടിക്ക്.

## വ്യാജമദ്യം, മയക്കുമരുന്ന് എന്നിവ തടയുന്നതിനുള്ള സമിതികൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | വ്യാജമദ്യവും, മയക്കുമരുന്നും തടയുന്നതിന് കോഴിക്കോട് ജില്ലയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; | (എ) | കോഴിക്കോട് ജില്ലയിലെ എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, ജില്ലാതല കൺട്രോൾ റൂം കൂടാതെ, 3 താലൂക്കുകളിൽ ഓരോ എക്സൈസ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ സ്ട്രൈക്കിംഗ് ഫോഴ്സുകളും രൂപീകരിച്ച് 24 മണിക്കൂറും റെയ്ഡുകൾ നടത്തി വരുന്നുണ്ട്. വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ വിപണനം തടയുന്നതിനുവേണ്ടി ജില്ലയിലെ എല്ലാ പഞ്ചായത്ത്, നിയമസഭാ മണ്ഡലങ്ങളിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ, ജില്ലാതല ജനകീയ കമ്മിറ്റി, എല്ലാ മാസവും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. വ്യാജമദ്യ കേന്ദ്രങ്ങളിൽ പോലീസ്, റവന്യൂ, ഫോറസ്റ്റ് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് സംയുക്ത റെയ്ഡുകൾ നടത്തി വരുന്നു. സ്ഥിരം കുറ്റവാളികളെ നിരീക്ഷണ വിധേയമാക്കി അവർക്കെതിരെ നിയമാനുസരണമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ ഈ വർഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; | (ബി) | 359 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | വ്യാജമദ്യം, മയക്കുമരുന്ന് എന്നിവ തടയുന്നതിനുള്ള സമിതികൾ കോഴിക്കോട് ജില്ലയിൽ ഏതെല്ലാം മണ്ഡലങ്ങളിൽ രൂപീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (സി) | എലത്തൂർ, കുന്ദമംഗലം, കൊടുവള്ളി, തിരുവമ്പാടി, പേരാമ്പ്ര, കൊയിലാണ്ടി, ബാലുശ്ശേരി, വടകര, നാദാപുരം, കുറ്റ്യാടി എന്നീ അസംബ്ലി നിയോജക മണ്ഡലങ്ങളിൽ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ